'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം നഗരസഭയിലെ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ ശ്രീ.ഷാജി പി.വി-- നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2498/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/11/2019

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 18.07.2019തിയതിയിലെ ഇ7-4083/19 നമ്പർ കത്ത്

2 നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 18.07.2019തിയതിയിലെ ഇ7-4083/19 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 01.09.1997 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഷാജി.പി.വി. ഈ തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 11.08.2015 തീയതിയിലാണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ പരീക്ഷ വിജയിച്ച തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 01.09.1997ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഷാജി.പി.വി. ഈ തസ്തികയിൽ രണ്ടുവർഷത്തെ സേവനം പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (01.09.2000 വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം 2 പ്രകാരം നിയമനാധികാരി (നഗരകാര്യഡയറക്ടർ) ദീർഘിപ്പിച്ചു ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 01.09.1997ൽ എൽ.ഡി.ക്ലാർക്ക്/ബിൽകളക്ടർ തസ്തികയിൽ

സേവനത്തിൽ പ്രവേശിച്ച ശ്രീ.ഷാജി പി.വി 11.08.2015 തീയതിയിൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ വിജയിച്ചത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 12.08.2015 പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 02.09.2000 മുതൽ 13.08.2015 വരെ, കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

- നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
- ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
- ശ്രീ.ഷാജി പി.വി, എൽ.ഡി.ക്ലാർക്ക്/ബിൽകളക്ടർ, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
- സെക്രട്ടറി, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
- ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
- കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ